**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വസ്തു നികുതി കുടിശ്ശിക ഒറ്റത്തവണയായി അടയ്ക്കുന്നവർക്ക് 31/03/2019 വരെ പിഴപ്പലിശ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.273/2019/തസ്വഭവ    തിരുവനന്തപുരം, തീയതി: 08.02.2019

---

പരാമർശം: പഞ്ചായത്ത് ഡയറക്ടറുടെ 10/04/2018-ലെ സി3-24036/2016 നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമപഞ്ചായത്തുകളുടെ വസ്തു നികുതി കുടിശ്ശിക മുഴുവൻ പിരിച്ചെടുത്ത് ഗ്രാമ പഞ്ചായത്തുകളെ നികുതി കുടിശ്ശിക രഹിതമാക്കുക എന്ന ലക്ഷ്യം നേടുന്നതിലേക്കായി പിഴപ്പലിശ ഒഴിവാക്കി നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടർ മേൽ പരാമർശിത കത്തിൽ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പിഴപ്പലിശ ഒഴിവാക്കി നൽകിയാൽ അത് നികുതി പിരിവ് കാര്യക്ഷമമാക്കുമെന്നുള്ള വസ്തുത കണക്കിലെടുത്തു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ കാരണങ്ങളാൽ വസ്തു നികുതി കുടിശ്ശിക വരുത്തിയവർക്ക് 1994-ലെ കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 538(2), കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209(ഇ) എന്നിവയിലെ വ്യവസ്ഥകൾ ഇളവ് ചെയ്തു, നാളിതുവരെയുള്ള വസ്തുനികുതി കുടിശ്ശിക ഒറ്റതവണയായി അടയ്ക്കുന്നപക്ഷം പിഴപ്പലിശ 31/03/2019 വരെ ഒഴിവാക്കി ഉത്തരവാകുന്നു.

പിഴപ്പലിശ ഒഴിവാക്കിക്കൊണ്ടുള്ള ഈ ഉത്തരവ് സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ വ്യാപകമായ പ്രചാരണം നടത്തേണ്ടതും 2018-19 വരെയുള്ള വസ്തുനികുതി, കുടിശ്ശിക ഉൾപ്പെടെ, പിരിച്ചെടുക്കേണ്ടതുമാണ്.

നിയമപരമായി വസ്തുനികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികളും സ്ഥാപന ഉടമസ്ഥരും, പിഴപ്പലിശ ഒഴിവാക്കൽ ആനുകൂല്യം പ്രയോജനപ്പെടുത്തി

കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തു നികുതി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ അടയ്ക്കേണ്ടതാണ്. പിഴപ്പലിശ ഒഴിവാക്കൽ ആനുകൂല്യം അടുത്ത സാമ്പത്തിക വർഷം മുതൽ അനുവദിക്കുന്നതല്ല.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മുഹമ്മദ് റിയാസ്**

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ/എൽ.ബി.എ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്.
തദ്ദേശ സ്വയം ഭരണ (എഫ് എം) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: 1. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
3. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ.